**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6031 04.07.2019 -ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കിടയിൽ ഇന്റർനെറ്റ് ഉപയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അനിൽ അക്കര** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കിടയിൽ ഇന്റർനെറ്റ് ഉപയോഗം വർദ്ധിക്കുകയും പൊതുവിദ്യാഭ്യാസം ഹൈടെക് ആകുകയും ചെയ്യുന്നുമൂലം ഉണ്ടായിട്ടുള്ള പ്രത്യേക സാഹചര്യം വിലയി - രുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) സ്കൂൾ കുട്ടികളിൽ സൈബർ സുരക്ഷ ഒരുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | ബി) ഉണ്ട്. സ്കൂൾ കുട്ടികൾക്ക് വേണ്ടി കേരള സ്റ്റേറ്റ് സൈബർ സേഫ്റ്റി പ്രോട്ടോകോൾ വികസിപ്പിച്ചെടുത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 2060 ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന 'ലിറ്റിൽ കൈറ്റ്സ് ' യൂണിറ്റിലെ അംഗങ്ങൾവഴി സ്കൂൾ കുട്ടികൾക്ക് പരിശീലനവും നൽകുന്നുണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വികസിപ്പിച്ചെടുത്ത സൈബർ സേഫ്റ്റി പ്രോട്ടോക്കോൾ kite.kerala.gov.in-ൽ NOTIFICATIONS-ൽ ലഭ്യമാണ്. |
| സി) സ്ഥാപന മേധാവികൾക്കും അദ്ധ്യാപക ർക്കും രക്ഷിതാക്കൾക്കും പ്രത്യേകം മാർഗ്ഗനിർദ്ദേശം നൽകുവാൻ ഉദ്ദേശി ക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സി) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവർക്ക് പ്രത്യേക ഐ.ടി. പരിശീലനം കാലാകാലങ്ങളിൽ ക്രമീകരിക്കാറുണ്ട്. സൈബർ സുരക്ഷ സംബന്ധിച്ച മൊഡ്യൂൾ ഉൾപ്പെടുത്തിയാണ് പ്രസ്തുത പരിശീലനങ്ങൾ ക്രമീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ